## പതിമൂന്നാം കേരള നിയമസഭ
## 12-ാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 4386** **17.12.2014-ൽ മറുപടിയ്ക്ക്**

## ലാബ് ടെക്നീഷ്യൻ ഗ്രേഡ്-II തസ്തികയിലെ ഒഴിവുകൾ

| ചോദ്യം<br>ശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻ നായർ | | ഉത്തരം<br>ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| എ | തിരുവനന്തപുരം ജില്ലയിൽ ലാബ് ടെക്നീഷ്യൻ ഗ്രേഡ്II തസ്തികയിൽ എത്ര ഒഴിവുകൾ നിലവിലുണ്ട്; | എ | ആരോഗ്യ വകുപ്പിൽ തിരുവനന്തപുരം ജില്ലയിൽ ലാബ് ടെക്നീഷ്യൻ ഗ്രേഡ്-II-ന്റെ രണ്ട് ഒഴിവുകൾ നിലവിലുണ്ട്. |
| ബി | ഇതുവരെ പി.എസ്.സിക്ക് എത്ര വേക്കൻസികൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; എത്ര പേർക്ക് നിയമനം നല്കിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ; | ബി | തിരുവനന്തപുരം ജില്ലയിൽ ലാബ് ടെക്നീഷ്യൻ ഗ്രേഡ്-2-ന്റെ രണ്ട് ഒഴിവുകൾ പി.എസ്.സി-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി-യിൽ നിന്നും നിയമന ശുപാർശ ലഭിച്ചിട്ടില്ല. |
| സി | ലാബ് ടെക്നീഷ്യൻ ഗ്രേഡ്-I തസ്തികയിലെ ജീവനക്കാരുടെ സ്ഥലം മാറ്റ ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് ഇത് പ്രസിദ്ധീകരിച്ചതെന്നും ഇതിൽ നാളിതു വരെ സ്വീകരിച്ച നടപടി എന്താണെന്നും വ്യക്തമാക്കുമോ; | സി | 18.06.2014-ലെ ഇ.എഫ്.2-37334/14 എന്ന ഉത്തരവ് പ്രകാരം 64 ലാബ് ടെക്നീഷ്യൻ ഗ്രേഡ്-1-ന്റെ സ്ഥലംമാറ്റം അനുവദിച്ചിട്ടുണ്ട്. ആരോഗ്യ വകുപ്പിലെ ലാബ് ടെക്നീഷ്യൻ ഗ്രേഡ്-1-ന്റെ റേഷ്യോ പ്രമോഷനുമായി ബന്ധപ്പെട്ട് നിരവധി പരാതികൾ ഉയർന്ന സാഹചര്യത്തിൽ ടി പരാതികളുമായി ബന്ധപ്പെട്ട വിഷയം സർക്കാർ പരിശോധിച്ച് വരുകയാണ്. |
| ഡി | 2011-14 കാലയളവിൽ, ലാബ് ടെക്നീഷ്യൻ ഗ്രേഡ് II തസ്തികയിൽ മറ്റു ജില്ലകളിൽ നിയമനം ലഭിച്ചവർ അതേ തസ്തികയിൽത്തന്നെ തിരുവനന്തപുരം ജില്ലയിലേക്ക് സ്ഥലം മാറി വന്നിട്ടുണ്ടോ; എങ്കിൽ എത്ര പേർ; വിശദവിവരം അറിയിക്കുമോ; | ഡി | സഹതാപാർഹമായ കാരണങ്ങളാൽ (compassionate ground) രണ്ട് ലാബ് ടെക്നീഷ്യൻ ഗ്രേഡ്-2-ന് തിരുവനന്തപുരം ജില്ലയിലേയ്ക്ക് സ്ഥലംമാറ്റം നൽകിയിട്ടുണ്ട്. ടെസി വർഗ്ഗീസ്, ലാബ് ടെക്നീഷ്യൻ ഗ്രേഡ്-2, സി.എച്ച്.സി, തരിയോട്, വയനാട് താജുന്നിസ ജെ, ലാബ് ടെക്നീഷ്യൻ ഗ്രേഡ്-2, സി.എച്ച്.സി, വല്ലന, പത്തനംതിട്ട എന്നിവർക്ക് യഥാക്രമം 19.02.2013 ലെ സ.ഉ(സാധാ)562/2013/ആകുവ, 21.07.2014 ലെ സ.ഉ(സാധാ) 2458/14/ആകുവ നമ്പർ ഉത്തരവ് പ്രകാരം തിരുവനന്തപുരം ജില്ലയിലേയ്ക്ക് അന്തർജില്ലാ സ്ഥലംമാറ്റം നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| ഇ | ലാബ് ടെക്നീഷ്യൻ ഗ്രേഡ് II-ന്റെ എത്ര തസ്തികകളാണ് സംസ്ഥാനത്ത് ആവശ്യമായിട്ടുള്ളത്; ഇപ്പോൾ എത്ര തസ്തികകളാണ് നിലവിലുള്ളത്; പുതിയ തസ്തികകൾ സൃഷ്ടിക്കുവാൻ തയ്യാറാകുമോ? | ഇ | സംസ്ഥാനത്ത് ലാബ് ടെക്നീഷ്യൻ ഗ്രേഡ്-2-ന്റെ 366 തസ്തികകൾ നിലവിലുണ്ട്. പുതിയ 667 തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ